(സി) കരാറുകാർക്ക് എവിടെ നിന്നും എപ്പോൾ വേണമെങ്കിലും ഓൺ ലൈൻ മുഖേന കരാറുകൾ സമർപ്പിക്കുവാൻ കഴിയും. ടെണ്ടർ പ്രക്രിയയുടെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുന്നതിനും, സർക്കാർ അക്കൗണ്ടിലേക്ക് യഥാസമയം പണം എത്തിച്ചേർന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സ്ഥാപനങ്ങൾക്ക് ഡിമാന്റ് ഡ്രാഫ്റ്റുകൾ സ്വീകരിക്കുക, ആയത് കാത്തുസൂക്ഷിക്കുക, സർക്കാരിലേക്ക് അടയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഒഴിവാക്കുവാനും കഴിയും. തെരഞ്ഞെടുക്ക പ്പെടാത്ത കരാറുകാർക്ക് ഓൺലൈനിലൂടെ നിരതദ്രവ്യം തിരികെ ലഭിക്കുന്നതി ലൂടെ ഇക്കാര്യത്തിലുള്ള കാലതാമസം ഇല്ലാതാകും. കരാറുകാർ തമ്മിലുള്ള ആരോഗ്യകരമായ മത്സരം സാധ്യമാകുന്നതിലൂടെ പ്രൊക്യൂർമെന്റ് ചെലവ് കുറയുകയും തന്മൂലം സർക്കാരിന് കൂടുതൽ സാമ്പത്തിക നേട്ടം കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-പ്രൊക്യൂർമെന്റ് പദ്ധതി നിർബന്ധമാക്കിയതുവഴി മുഴുവൻ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ബോർഡുകളും ടി പദ്ധതിയുടെ പരിധിയിൽ വരും.

ഐ.ടി. മേഖലയിലെ പദ്ധതികൾ

257 (624) ശ്രീ. കെ. അച്ചുതൻ :
ശ്രീ. പാലോട് രവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. മേഖലയിൽ വൻകുതിപ്പിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഐ.റ്റി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഐ.റ്റി. വ്യവസായ വികസനത്തിനുമായി നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഐ.റ്റി. രംഗത്ത് വളർച്ചയ്ക്കായി ഐ.റ്റി. പാർക്കുകൾ തുടങ്ങുക, അവയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കുക, ഐ.റ്റി. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവ സർക്കാരിന്റെ ഐ.റ്റി. നയത്തിലുൾപ്പെടുന്നു.

വിവരസാങ്കേതിക വിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നീ സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളിൽ കൂടുതൽ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക തുടങ്ങിയ ഐ.ടി./ഐ.ടി. അനുബന്ധ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സർക്കാർ ഒരു പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ടെക്നോപാർക്കിൽ ഒന്നാം ഘട്ടം പൂർണ്ണമായും പ്രവർത്തന ക്ഷമമായിട്ടുണ്ട്. ടെക്നോപാർക്കിന്റെ രണ്ടാം ഘട്ടത്തിന് പൂർണ്ണ സെസ് പദവി ലഭിക്കുകയും പ്രധാനപ്പെട്ട ഐ.ടി./ഐ.ടി. അനുബന്ധ കമ്പനികൾ അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ടെക്നോപാർക്കിന്റെ മൂന്നാം ഘട്ട കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ടെക്നോപാർക്കിന്റെ മറ്റൊരു ബൃഹത് പദ്ധതിയായ ടെക്നോ സിറ്റിയിൽ ഏകദേശം 424 ഏക്കറിൽ 5 കമ്പനികൾക്ക് ഭൂമി നൽകുകയും ചില കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇൻഫോപാർക്കിൽ രണ്ടാംഘട്ടം പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. അതോടൊപ്പം തന്നെ ഭാവിയിലെ വളർച്ച സാധ്യതകൾ മുന്നിൽകണ്ട് കൊരട്ടി, ചേർത്തല എന്നിവിടങ്ങളിൽ പുതിയ ഐ.ടി. സമുച്ചയങ്ങളുടെ നിർമ്മാണവും നടന്നുവരുന്നു. ഇതോടൊപ്പം തന്നെ സ്റ്റാർട്ടപ് എക്കോ സിസ്റ്റം വളർത്തുന്നതിനായി NASSCOM 10000 സ്റ്റാർട്ടപ് ഇനിഷ്യേറ്റീവ് ആരംഭിച്ചു. കേരളാ സ്റ്റാർട്ടപ് മിഷൻ രൂപീകരിച്ചുകൊണ്ട് സ്റ്റാർട്ടപ് ഇനിഷ്യേറ്റീവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഗ്രാമപ്രദേശങ്ങളിലേയ്ക്ക് ഐ.ടി. വ്യവസായം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ടെക്നോ ലോഡ്ജ്.

സൈബർ പാർക്കിന്റെ 2.88 ലക്ഷം ച.അടിയുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തുടനീളം ചെലവ് കുറഞ്ഞതും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് ചെറുതും ഇടത്തരവുമായ IT/ITES Electronics Sector സംരംഭങ്ങൾ ആരംഭിക്കുന്നതിനായി Rural Information Technology electronics പാർക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പുതിയ ഐ.റ്റി. സംരംഭങ്ങൾ തുടങ്ങുന്നതിനും മികച്ച സംരംഭകരെ വാർത്തെടുക്കുന്നതിനുമായി കേരളാ സ്റ്റാർട്ടപ് മിഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെല്ലാംതന്നെ ഐ.റ്റി. മേഖലയിലെ വൻ കുതിപ്പ് ലക്ഷ്യമാക്കിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ ഒരു ഡിജിറ്റൽ സമൂഹമായി മാറ്റിയെടുക്കുന്നതിനായി ഡിജിറ്റൽ കേരള എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പരിജ്ഞാനമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കാറ്റുന്നതിലേയ്ക്കായി ചെലവ് കുറഞ്ഞ രീതിയിൽ വിവര സാങ്കേതിക വിദ്യ ലഭ്യമാക്കുകയെന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) എല്ലാ ഐ.റ്റി. പാർക്കുകളിലും കെ.എസ്.ഐ.റ്റി.ഐ.എ.-യിലും പദ്ധതികളുടെ നടത്തിപ്പിനായി ഐ.റ്റി. പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. ടി ബോർഡ് പദ്ധതികളുടെ മേൽനോട്ടം നിർവ്വഹിക്കുന്നു.

ഡിജിറ്റൽ കേരള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും കമ്മിറ്റികൾ രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

എരമം-കുറ്റൂർ സൈബർ പാർക്ക്

258 (625) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന സൈബർ പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) നിർമ്മാണം പൂർത്തിയാക്കി സൈബർ പാർക്ക് പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ ഐ.ടി. പാർക്കിന്റെ നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ കോൺട്രാക്ടർക്ക് നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഐ.ടി. പാർക്കിന്റെ നിർമ്മാണം ഒരു വർഷത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

വനിതാ ജീവനക്കാരുടെ പ്രസവാവധി

259 (626) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വനിതാ ജീവനക്കാർക്ക് പ്രസവാവധി ഇപ്പോഴുള്ള ആറ് മാസത്തിൽ നിന്നും എട്ട് മാസമാക്കാൻ 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിൽ ഭേദഗതി വരുത്തുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly